**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **30-09-2025 - ൽ മറുപടിയ്ക്ക്**

**യുറേനിയം, തോറിയം മുതലായ ആണവ ധാതുക്കളുടെ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | രാജ്യത്തെ സമുദ്ര മേഖലയിൽ നിന്നും ആണവ ധാതുക്കളുടെ ഖനനവും പര്യവേഷണങ്ങളും നടത്തുന്നതിന് സ്വകാര്യ മേഖലയ്ക്കും അനുമതി നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 2002 ലെ ഓഫ്ഷോർ ഏരിയാസ് മിനറൽ (ഡെവലപ്പ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിന് 2023ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ, കേന്ദ്രം നാമനിർദ്ദേശം ചെയ്യുന്ന സ്വകാര്യ കമ്പനികൾക്കും മുൻകൂർ അനുമതിയോടെ ഖനനത്തിൽ ഏർപ്പെടാൻ സാധിക്കുമെന്ന വ്യവസ്ഥ, 14.07.2025-ലെ ജിഎസ്ആർ 468 (ഇ) നമ്പർ വിജ്ഞാപനം വഴി നിലവിൽ വന്ന 2025 ലെ ഓഫ്ഷോർ ഏരിയാസ് ആറ്റോമിക് മിനറൽസ് ഓപ്പറേറ്റിംഗ് റൈറ്റ് നിയമങ്ങളിലും നിലനിർത്തിയിട്ടുള്ളതാണ്. |
| (ബി) | ഖനനം മത്സ്യസമ്പത്തിനെ മാത്രമല്ല മത്സ്യങ്ങളുടെ ആഹാരശൃംഖലയേയും ഇല്ലാതാക്കുന്നതിനാൽ ലക്ഷക്കണക്കിന് വരുന്ന മത്സ്യതൊഴിലാളികളുടെ ജീവിതമാർഗ്ഗം പ്രതിസന്ധിയിലാകാനും സമുദ്രത്തിന്റെ ആവാസവ്യവസ്ഥയെ ഗുരുതരമായി ബാധിക്കാനും ഇടയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കടലിന്റെ അടിത്തട്ടിലെ ധാതു ഖനനം കടൽ, കായൽ മത്സ്യബന്ധന മേഖലയെ പൂർണ്ണമായും ഇല്ലാതാക്കും. മത്സ്യസമ്പത്തിനെ മാത്രമല്ല, സമുദ്രത്തിലെ ആകെ പരിസ്ഥിതിയെ തന്നെ ഖനനം ഗുരുതരമായി ബാധിക്കും. സമുദ്ര ആഹാര ശൃംഖല അസന്തുലിതമാകുകയും ചെയ്യും. ഖനനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ശബ്ദമലിനീകരണവും രാസമലിനീകരണവും മത്സ്യങ്ങളുടെ ആരോഗ്യത്തെയും ഗുണനിലവാരത്തെയും ബാധിക്കും. സമുദ്രജലത്തിലുള്ള ഓക്സിജൻ കുറയുന്നതിനും, ജലഗുണനിലവാര തകർച്ചയും മത്സ്യസമ്പത്തിന്റെ നിലനിൽപ്പിനെയും ബാധിക്കും.<br><br>അടിത്തട്ടിലെ ധാതു ഖനനം മൂലം കടൽ ജലം കലങ്ങുന്നത് കടലിലെ പ്രകാശിത മേഖലയുടെ ശോഷണത്തിന് കാരണമാകും. ഇത് കടലിലെ പ്രകാശ സംശ്ലേഷണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കുവാൻ കാരണമാകും. ഇതും മത്സ്യ സമ്പത്തിന് ഭീഷണിയാണ്. കടൽ ഖനനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കും തീരക്കടലിൽ എത്തുന്ന നിരവധി |

| | | | |
|---|---|---|---|
| | | | കപ്പലുകൾ / ബോട്ടുകൾ എന്നിവ മത്സ്യബന്ധനത്തിന് അസൗകര്യം സൃഷ്ടിക്കുകയും തീരക്കടലിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികളുടെയും അവരുടെ യാനങ്ങളുടെയും സുരക്ഷയെ നേരിട്ട് ബാധിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ തൊഴിലിടങ്ങൾ നഷ്ടപ്പെടുത്തുന്നതിനും ഹേതുവാകും. |
| (സി) | യുറേനിയം, തോറിയം പോലുള്ള ആണവ ധാതുക്കളുടെ ഖനനത്തിന് കേന്ദ്ര സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയാൽ അത് രാജ്യത്തിന്റെ സുരക്ഷയെപ്പോലും ബാധിക്കാനിടവരുത്തുമെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം സംസ്ഥാനങ്ങളുടെ തീരപ്രദേശത്താണ് ഖനനത്തിന് അനുമതി നൽകിയിരിക്കുന്നതെന്നും പ്രസ്തുത വിവരം അതത് സംസ്ഥാന സർക്കാരുമായി ചർച്ച നടത്തേണ്ടതുമായിരുന്നുവെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഇന്ത്യയിൽ തോറിയം ധാതുവിന്റെ വലിയ ശേഖരം കേരളം, ഒഡീഷ, തമിഴ്നാട്, തുടങ്ങിയ സംസ്ഥാനങ്ങളിലെ തീരദേശങ്ങളിലാണ് കാണപ്പെടുന്നത്. 2023ൽ ഓഫ്ഷോർ ഏരിയാസ് മിനറൽ(ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടിൽ വരുത്തുവാൻ ഉദ്ദേശിച്ചിരുന്ന ഭേദഗതിയുടെ കരടിന്മേൽ നടത്തിയ അഭിപ്രായ സ്വരൂപണ വേളയിൽ തന്നെ കേരളം ഈ ഭേദഗതിയിലൂടെ ഉണ്ടാകുന്ന പ്രശ്നങ്ങൾ കേന്ദ്രസർക്കാരിനെ അറിയിച്ചിരുന്നുവെങ്കിലും സംസ്ഥാനത്തിന്റെ നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെയാണ് ഭേദഗതി കൊണ്ടുവന്നത്. 2025ലെ ഓഫ്ഷോർ ഏരിയാസ് ആറ്റോമിക് മിനറൽസ് ഓപ്പറേറ്റിംഗ് റൈറ്റ് നിയമങ്ങൾ രൂപീകരിക്കുന്നതിന് മുൻപ് സംസ്ഥാന സർക്കാരുകളോട് അഭിപ്രായം ആരാഞ്ഞിരുന്നില്ല. ഈ നിയമങ്ങൾ നടപ്പാക്കുന്നതിലെ ആശങ്കകൾ ചൂണ്ടിക്കാട്ടി ആയത് പരിഹരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ